# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.lfa.kerala.gov.in

മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്

2016-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail:ddlfakkd@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി /പി9-1905/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്.
ഫോൺ: 04952371012
E-mail:- dokkd.ksad.kerala.gov.in

തീയതി:25.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മേപ്പയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മേപ്പയൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേപ്പയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/പി9/1905/17 തിയ്യതി:25.10.2017

## കോഴിക്കോട് ജില്ലയിലെ മേപ്പയൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോഴിക്കോട് ജില്ലയിലെ മേപ്പയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.6.2016 മുതൽ 13.9.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭിച്ചില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | വിനോദ് ശ്രീധർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 19.9.2017 മുതൽ 28.9.2017 വരെ | ശ്രീ. സി.സി.ജ്യോതിമോൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ദിശ. സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ജാസ്സിർ , ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1)പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി. റീന.പി.കെ | 1.4.16 മുതൽ 31.3.17 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.രാജശേഖരൻ.പി.കെ | 1.4.16 മുതൽ 6.9.2016വരെ |
| 2 | ശ്രീ. അനിൽകുമാർ.കെ.പി (സെക്രട്ടറി ഇൻ ചാർജ്ജ്) | 6.9.16 മുതൽ 20.11.2016 വരെ |
| 3 | ശ്രീ. ജോണി വർഗ്ഗീസ് | 21. 11. 2016 മുതൽ 31.3.2017വരെ |

3.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | സ്മിതാനന്ദിനി.പി | 1.4.16 മുതൽ 31.3.17 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.കെ.അബ്ദു സമദ് | 1.4.16 മുതൽ 1.11.16 വരെ |

| | | | |
|---|---|---|---|
| | | ഡോ. പ്രീത ഇ.കെ | 2.11.16 മുതൽ 31.3.17വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ചന്ദ്രമതി.കെ | 1.4.16 മുതൽ 19.9.16 വരെ |
| | | ശ്രീമതി.പുഷ്പ.കെ.പി | 20.9.16 മുതൽ 31.3.17വരെ |
| 4 | മെഡിക്കൽ ഓഫീസർ, പിഎച്ച്.സി. | ഡോ.പ്രിയങ്ക.പി.ആർ | 1.4.16 മുതൽ 31.3.17 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം). | ഡോ.ബബിത.പി | 1.4.16 മുതൽ 31.3.17വരെ |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സീമ.പി.എസ് | 1.4.16 മുതൽ 31.3.17 വരെ |
| 7 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. സിജിന | 1.4.16 മുതൽ 31.3.17 വരെ |
| 8 | ഹെഡ്മാസ്റ്റർ ഗവ. (എൽ.പി.എസ്.) | ശ്രീ.വേണു.സി | 1.4.16 മുതൽ 31.3.17 വരെ |
| 9 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി. ഉഷാകുമാരി.പി.പി | 1.4.16 മുതൽ 31.3.17 വരെ |
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.സവിത.വി.പി (വി.ഇ.ഒ കൊഴുക്കല്ലൂർ) | 1.4.16 മുതൽ 26.9.16 വരെ |
| | | ശ്രീമതി.ഷിൻല.വി | 27.9.16മുതൽ 20.3.17 വരെ |
| | | ശ്രീ. സുജേഷ്.എസ് (വി.ഇ.ഒ മേപ്പയൂർ) | 21.3.17 മുതൽ 31.3.17 വരെ |
| 11 | അസി. സെക്രട്ടറി | ശ്രീമതി. ഷബീന. കെ.പി | 1.4.16 മുതൽ 25.9.16 വരെ |

| | | |
|---|---|---|
| | | |
| | ശ്രീവിദ്യ.വി.സി | 26.9.16 മുതൽ 14.11.16 വരെ |
| | അനിൽകുമാർ.കെ.പി | 15.11.16 മുതൽ 31.3.17 വരെ |

ഉള്ളടക്കം


| ക്രമ നം | ഭാഗം **- 1** പൊതു അവലോകനം | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തനത് വരുമാനം | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം | 1-11 |
| ഭാഗം **-2**വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | വാർഷിക കണക്ക് പരിശോധന | 2-1 |
| 13 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിൽ നഷ്ടം | 2-2 |
| 14 | ലൈസൻസ്- അപാകതകൾ | 2-3 |
| 15 | തൊഴിൽ നികുതി - അപാകതകൾ | 2-4 |
| 16 | കംഫർട്ട് സ്റ്റേഷൻ ലേലം – അപാകതകൾ | 2-5 |
| ഭാഗം **-3-** ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 17 | ഗവ.എൽ.പി.സ്കൂൾ ചുറ്റുമതിൽ നിർമാണം – പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-1 |

| | | |
|---|---|---|
| 18 | റോഡ് കോൺക്രീറ്റിംഗ് – സാങ്കേതിക നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-2 |
| 19 | എസ്.സി.ട്രെയിനിംഗ് സെന്റർ ടോയ് ലറ്റ് പൂർത്തീകരണം – ഫൈൻ തുക ബില്ലിൽ കുറവ് ചെയ്യാത്തത് മൂലം പഞ്ചായത്തിന് നഷ്ടം | 3-3 |
| 20 | എടത്തിൽ മുക്ക് കല്ലുങ്കി അംഗനവാടികൾക്ക് ചുറ്റമതിൽ, വിവിധ അംഗനവാടികളുടെ നവീകരണം – ഫൈൻ തുക ബില്ലിൽ കുറവ് മൂലം പഞ്ചായത്തിന് നഷ്ടം | 3-4 |
| 21 | കൈപ്പറ്റ് രസീത് പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 3-5 |
| 22 | കഞ്ഞിക്കണ്ടി കുടിവെള്ള പദ്ധതി – പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-6 |
| 23 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ – പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 3-7 |
| 24 | പെയിൻ & പാലിയേറ്റീവ് – മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായില്ല | 3-8 |
| 25 | ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ – മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 3-9 |
| 26 | ഭക്ഷണസാധനങ്ങളുടെ ട്രാൻസ്പോർട്ടേഷൻ നിരക്ക് – നിബന്ധനകൾ പാലിക്കുന്നില്ല | 3-10 |
| 27 | അംഗനവാടിക്കെട്ടിടം സുരക്ഷിതത്വം – ഉറപ്പുവരുത്തുന്നില്ല | 3-11 |
| 28 | എസ്.എസ്.എ വിഹിതം കൈമാറൽ – വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-12 |
| 29 | വീട് പുനരുദ്ധാരണം – പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-13 |
| 30 | ഐ.എ.വൈ വിഹിതം കൈമാറൽ – വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയില്ല | 3-14 |
| 31 | എസ്.സി വാഹനധനസഹായം – കൈപ്പറ്റ് രശീത് ഹാജരാക്കിയില്ല | 3-15 |
| 32 | കന്ന്കുട്ടി പരിപാലനം (വനിത) വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-16 |
| 33 | രോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റി പുതിയ തൈവെയ്ക്കൽ – അപാകതകൾ | 3-17 |
| ഭാഗം-**4** പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 34 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| അനുബന്ധം | | |
| 39 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (മലയാളം) | 1 |
| 40 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (ഇംഗ്ലീഷ്) | 1 |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 24.3.2017 ലെ 59/17-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. അംഗീകൃ ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 100532410 | 100369888 |
| വാർഷിക കണക്ക് പ്രകാരം | 45516248 | 40866694 |

ഇ.എഫ്.എം.എസ് ട്രാൻസാക്ഷൻ (25586036), ബി-ഫണ്ടിനങ്ങളുടെ ഡി.ബി.റ്റി ട്രാൻസാക്ഷൻ (36853070) എന്നിവ കൂടി കണക്കാക്കുമ്പോൾ ആകെ വരവ് 10,79,55354 രൂപയും 10,333,05,800രൂപയുമാകും.

പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവു ചെലവും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടെന്ന് കാണാം. ഇതിൽ നിന്നും ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധ വേണമെന്ന് വ്യക്തമാകുന്നു.

*(ഈ വരവു ചെലവു കണക്കുകൾ ഓഡിറ്റിനു വിധേയമാക്കിയതിൽ 174661 രൂപയുടെ ചെലവുകൾ ഓഡിറ്റിൽ അംഗീകരിക്കാൻ സാധിക്കാത്ത വിധം ചെലവു ചെയ്തതായി കണ്ടെത്തി. കൂടാതെ വിവിധ കാരണങ്ങളാൽ 2443129 രൂപയുടെ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുമുണ്ട്. വിശദ വിവരങ്ങൾക്കായി ഈ റിപ്പോർട്ടിന്റെ 2, 3 എന്നീ ഭാഗങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.)*

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31.7.2017 | 1.6.2017 | ഇ- സബ്മിഷൻ | ----- |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 1,26,38,471 | 1,17,84,904 | 93.24 |
| വികസനഫണ്ട് - എസ്.സി.പി. | 37,84,506 | 26,95,336 | 71.22 |
| വികസനഫണ്ട് - ടി.എസ്.പി. | 00 | 00 | 00 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 3599414 | 1367091 | 38 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 22,77,988 | 22,36,379 | 98.17 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7087219 | 2630971 | 37.12 |
| പെർഫോമൻസ് ഗ്രാന്റ് | 3711753 | 357600 | 9.6 |
| ബി. ഫണ്ട് | 37546310 | 37546310 | 100 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | *26958767 (മുന്നിരിപ്പ് 821 ഉൾപ്പെടെ)* | 26844406 | 114361 ( നീക്കിയിരിപ്പ്) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കി യത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 183 | 48218994 | 128 | 25506732 | 51 | 4 | 69.94 |

## 1-6 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 27.59 % ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 2963134 | 3876279 | 913145 | 30.81 |
| നികുതിയേതര വരവുകൾ | 1039863 | 1231254 | 191391 | 18.4 |
| ആകെ | 4002997 | 5107533 | 1104536 | 27.59 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 528240 | 326 |
| കർഷകതൊഴിലാളി പെൻഷൻ | 9006290 | 917 |
| വിധവാപെൻഷൻ | 13806480 | 1059 |
| വാർദ്ധക്യകാലപെൻഷൻ | 9682820 | 878 |
| വികലാംഗപെൻഷൻ | 3747630 | 330 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിതപെൻഷൻ | 609850 | 51 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.9.17ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8476രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

2016-17 ൽ സെക്രട്ടറി നടപ്പിലാക്കിയ മാലിന്യ സംസ്കരണം ടൗൺക്ലീനിംഗ് ഉൾപ്പെടെ എന്ന 152/17 നമ്പർ പദ്ധതി പ്രകാരം അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ്, വേങ്ങര എന്ന സ്ഥാപനത്തിന് തനത് ഫണ്ടിൽ നിന്നും ഡി.ഡി. നമ്പർ 732910/27.6.2016 പ്രകാരം 60000 രൂപയും 31.7.16ലെ വൗച്ചർ നമ്പർ 192/16-17 പ്രകാരം 95000 രൂപയും ഉൾപ്പെടെ 155000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടി. ചെലവ് അക്കൗണ്ട്സ് പ്രകാരമുള്ള പദ്ധതിചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ആസ്തികളുടെ വിവരങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്ററുകൾ എല്ലാ ആസ്തി വിവരങ്ങളും ഉൽപ്പെടുത്തി കാലികമാക്കിയിട്ടില്ല. വളരെയധികം മനുഷ്യ ദിനങ്ങൾ ചെലവഴിച്ച് അംഗീകാരം വാങ്ങുന്ന പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് സാധിക്കുന്നില്ല. മരാമത്ത് വിഭാഗത്തിൽ തന്നെ 87 പദ്ധതികൾ ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങിയെങ്കിലും 34 എണ്ണം മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8.6.17 മുതൽ 12.6.17 വരെ | 2/2017മുതൽ 5/17 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.1.2010 മുതൽ 3.2.10വരെ | 2004-05മുതൽ 2008- 2009 വരെ | എൽ.ബി.എ.(എച്ച്.ക്യു.) /111/8-A-1539 /633/5.3.2010 |

## 1-11 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം -

ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും, സൃഷ്ടിക്കപ്പെട്ട തെഴിലവസരങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 283 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4361 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 2117 |

| | |
|---|---|
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2117 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 99277 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 46.89 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുമ്പങ്ങൾ | 80 |

തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് ശരാശരി 46.89തൊഴിൽ ദിനങ്ങൾ മാത്രമാണ് നല്കാൻ കഴിഞ്ഞത്. തൊഴിൽ ആവശ്യപ്പെട്ട 2117 കുടുമ്പങ്ങളിൽ കേവലം 80 കുടുമ്പങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചത്. അതായത് 2117 കുടുംബങ്ങൾക്ക് കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് കാര്യമായ വീഴ്ച വരുത്തി. വിഷയത്തിൽ ഭരണസമിതിയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്ക് പരിശോധന

മേപ്പയൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക കണക്ക് പരിശോധിച്ച് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

I. റസീറ്റ് & പെയ്മെന്റ് അക്കൗണ്ട്

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വരവുചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെച്ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | : | 6409797 |
| വരവ് | : | 45516248 |
| ആകെ | : | 51926045 |
| ചെലവ് | : | 40866694 |
| നീക്കിയിരിപ്പ് | : | 11059351 |

എ). രസീത് & പെയ്മെന്റ് അക്കൗണ്ട് പരിശോധിച്ച് കണ്ടെത്തിയ മറ്റ് ന്യൂനതകൾ താഴെപ്പറയുന്നു.

രസീത് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ പ്രകാരമുള്ള തൻവർഷ കളക്ഷൻ തുകയും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അടിസ്ഥാന രേഖകളും തമ്മിൽ താഴെപ്പറയും പ്രകാരമുള്ള പൊരുത്തക്കേടുകൾ കാണുന്നു.

1. റെസീപ്റ്റ് ആന്റ് പേയ്മെന്റ് ഷെഡ്യൂൾ RP40(b) പ്രകാരം ലോൺ അക്കൗണ്ട് എന്ന പേരിൽ കോ-ഓപ്പറേറ്റീവ് ബാങ്കിൽ 250 രൂപ നീക്കിയിരിപ്പുള്ളതായി കാണിച്ചിരിക്കുന്നു. ആയതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കിയില്ല.
2. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ തൻവർഷത്തെ ആകെ ചെലവ് ക്യാഷ് ബുക്ക് പ്രകാരം 33814552 രൂപയാണ്. എന്നാൽ അക്കൗണ്ട്സ് പ്രകാരമുള്ള ആകെ ചെലവ് 26844406 രൂപയാണ്. ഇവ തമ്മിൽ 6970147 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു
3. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഡെപ്പോസിറ്റുകളുടെ ഇനം തിരിച്ച് എഴുതി സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിച്ചില്ല.

II.ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

സ്ഥാപനത്തിന്റെ തൻവർഷത്തെ ആദായത്തിന്റെയും ചെലവിന്റെയും സംക്ഷിപ്തം താഴെപ്പറയുന്നു.

| | | |
|---|---|---|
| ആദായം | : | 99501469 |
| (-) ചെലവ് | : | 104291029 |
| (-)പ്രയർ പീരീഡ് ഐറ്റം | : | 107503 |
| ഡെഫിസിറ്റ് | : | 4682057 |

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.

1. വസ്തു നികുതി തൻ വർഷത്തെ ഡിമാന്റ് ധനകാര്യ പത്രിക ഷെഡ്യൂൾ I-1 പ്രകാരം 3194395 രൂപയും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 2957676 രൂപയുമാണ്. ഇവ തമ്മിൽ 236719 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.
2. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൻവർഷം ആസ്തി നിർമ്മാണത്തിനായി വളരെയധികം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും അക്കൗണ്ട്സ് പ്രകാരം പ്രസ്തുത ചെലവ് പ്രത്യേകം ഉൾപ്പെടുത്തിയിട്ടില്ല. ക്യാപ്പിറ്റൽ കോണ്ട്രിബ്യൂഷനായി ചെലവഴിക്കുന്ന തുക റെവന്യൂ ചെലവുകളിൽ ഉൾപ്പെടുത്തുവാൻ പാടില്ലയെന്നിരിക്കെ ഈ ചെലവുകൾ കൂടി ഇൻകം ആന്റ് എക്സ്പെണ്ടീച്ചർ ഷെഡ്യൂൾ I-6 ൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

III.ബാലൻസ് ഷീറ്റ്

സ്ഥാപനത്തിന്റെ 31.03.2017 ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെപ്പറയുന്നു.

| | |
|---|---|
| ആകെ ആസ്തി | 65660983 |
| (-)റിസർവ്വും earmarked fundഉം ഉൾപ്പെടെ ആകെ ബാധ്യത | 58071387 |
| പഞ്ചായത്ത് ഫണ്ട് | 7589596 |

ബാലൻസ് ഷീറ്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.

1.ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

2. വസ്തു നികുതി അക്കൗണ്ട്സ് പ്രകാരമുള്ള തൻവർഷത്തെ നീക്കിയിരിപ്പും (671701) സഞ്ചയ പ്രകാരമുള്ള നീക്കിയിരിപ്പും ( 670397) തമ്മിൽ പൊരുത്തപ്പെടുന്നില്ല. 1304 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു

3. 2015-16 ലെ അക്കൗണ്ട്സ് പ്രകാരം വസ്തു നികുതി കുടിശിക 2551823 രൂപയാണ്. എന്നാൽ സഞ്ചയ പ്രകാരമുള്ള കുടിശിക ഡിമാന്റ് 2788435 രൂപയാണ്.

4. വസ്തു നികുതി കുടിശികയിനത്തിൽ അക്കൗണ്ട്സ് പ്രകാരം നീക്കിയിരിപ്പ് കാണേണ്ടത് 617887 രൂപയാണ്. എന്നാൽ സഞ്ചയ പ്രകാരം കുടിശിക 615569 രൂപയാണ്. 2318 രൂപയുടെ വ്യത്യാസം ഈയിനത്തിൽ നിലനിൽക്കുന്നു.

5. എം.പി.ലാഡ്സ് ഇനത്തിൽ അക്കൗണ്ട്സ് ഷെഡ്യൂൾ B-4 ( 116705)പ്രകാരമുള്ള തുകയും, B-17 ( 128553) പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്ക് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം I ആയി ഉൾക്കൊള്ളിച്ചിരിക്കുന്നു.

## 2-2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിൽ നഷ്ടം

മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകൾ , സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(1) ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60 രൂപ നിരക്കിലുമാണ് ഭരണസമിതി തീരുമാനപ്രകാരം നികുതി നിശ്ചയിച്ചിരിക്കുന്നത്.

കേരള പഞ്ചായത്ത് രാജ് നിയമം, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ താഴെ പറയുന്ന ക്രമ നം 1 മുതൽ 12 വരെ യുള്ള ഘടകങ്ങളിൽ രണ്ടോ അതിലധികമോ ഘടകങ്ങൾ ഒരേ സമയം ബാധകമാവുകയാണെങ്കിലോ ക്രമ നം 13,14 എന്നിവയിൽ പാരാമർശിച്ച ഏതെങ്കിലുമൊരു ഘടകം ബാധകമാവുകയാണെങ്കിലോ പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിനു ബാധകമാവുന്ന രീതിയിൽ വസ്തു നികുതി നിർണയിക്കണമെന്നു നിഷ്കർഷിക്കുന്നുണ്ട്.

| | | |
|---|---|---|
| 1. | കെട്ടിടത്തിന്റെ വിവിധഭാഗങ്ങൾ വിവിധ മേഖലകളിലായാൽ | (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (ഉപവകുപ്പ് 7, ഉപ വകുപ്പ് 9) |
| 2. | വഴിസൗകര്യത്തിന്റെ ലഭ്യത | |
| 3. | മേൽക്കൂരയുടെ നിർമിതി | |
| 4. | കെട്ടിടത്തിന്റെ കാലപ്പഴക്കം | |
| 5. | തറയുടെ നിർമിതി | |
| 6. | എയർകണ്ടീഷനിംഗ് സൗകര്യം | |
| താഴെ പറയുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ | | |
| 7. | പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നവ | (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (ഉപവകുപ്പ് 2, ഉപ വകുപ്പ് 9),2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5),4(1)) |
| | വ്യവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| 8. | വിദ്യാലയങ്ങൾക്കോ ,ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ | |
| 9. | അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടെലഫോൺ ടവറുകൾ എന്നിവക്കായി ഉപയോഗിക്കുന്നവ | |
| 10. | വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| 11. | മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നവ | |
| 12. | സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും കെട്ടിടം | |
| 13. | ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളവയാണെങ്കിൽ | 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) |
| 14 | ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ | |

| | | |
|---|---|---|
| | കാരണങ്ങളാൽ പ്രത്യേകം കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിലോ | |

മേൽ പരാമർശിക്കാത്ത കാരണങ്ങളാൽ ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് ഗ്രാമപഞ്ചായത്തിൽ നികുതി നിർണയിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമ | കെട്ടിട നം | പ്ലിന്ത് ഏരിയ | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | നഷ്ടം |
|---|---|---|---|---|---|---|
| 1 | റംല കോരമ്മൻകണ്ടി കൊഴക്കല്ലൂർ | 10/332A-332E | 116.63 m2 | 4201- | 116.63x60+20%x6997 = 8397/- | 4196/- |
| 2 | കുഞ്ഞമ്മത്, അബ്ദുറഹിമാൻ,ബഷീർ നടുക്കണ്ടി.മേപ്പയ്യൂർ | 8/599V-8/599 O1 | 449.8 m2 | 15440/- | 449.8x60+ (20-5)%x26988= 31036/- | 15596/- |
| ആകെ തുക | | | | | | 19792/- |

മേൽ പട്ടികയിൽ കാണിച്ച കെട്ടിടങ്ങളിലെ വ്യത്യസ്ത മുറികൾക്ക് വെവ്വേറെ നികുതി നിശ്ചയിച്ചത് കെട്ടിടത്തിന്റെ ഉപയോഗം 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ളവ എന്ന് രേഖപ്പെടുത്തിയാണ്. ഇത് കാരണം നികുതിയിൽ നഷ്ടം സംഭവിച്ചു.

ഒരേ കെട്ടിടത്തിൽ വ്യത്യസ്ത നമ്പർ നൽകുവാനുള്ള സാഹചര്യം ചട്ടം 4 (1) ൽ പ്രസ്താവിച്ച വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ഉപയോഗപ്പെടുത്തുക എന്നതാണ്. ചട്ടം 4 (1) ൽ പ്ര സ്താവിച്ച വ്യത്യസ്ത ഉപയോഗക്രമങ്ങൾ ഇവയാണ്.

| | |
|---|---|
| 1 | പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നവ |
| 2 | വ്യവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ |
| 3 | വിദ്യാലയങ്ങൾക്കോ ,ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ |
| 4 | അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടെലഫോൺ ടവറുകൾ എന്നിവക്കായി ഉപയോഗിക്കുന്നവ |
| 5 | വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവ |
| 6 | മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നവ |
| 7 | സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും കെട്ടിടം |

എന്നാൽ മേൽപ്പറഞ്ഞ ഇനങ്ങളിൽ കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഉൾപ്പെടുന്നില്ല.

2) വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നികുതി നിർണ്ണയിച്ചതിന് ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം കംപ്ലീഷൻ പ്ലാനുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമ | കെട്ടിട നം | പ്ലിന്ത് എരിയ | നികുതി നിർണ്ണയിച്ച ഏരിയ | ഏരിയ കുറവ് | നിർണ്ണയിച്ച നികുതി |
|---|---|---|---|---|---|
| അസീസ് , സുബൈദ ന്യൂ കമ്മന താമസിക്കും തലപ്പൊയിൽ | 6/848 P-848 Y | 278.24 m2 | 221.1 m2 | 57.14 m2 | 7081/- |

മേൽ സൂചിപ്പിച്ച വിധം നികുതി പുനർനിർണ്ണയിച്ച് നഷ്ടം ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-3 ലൈസൻസ് അപാകതകൾ

1)ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേ.പ.രാ ആക്ട് , സെക്ഷൻ-232(1) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാണ്.എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങൾ 2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | റിലീഫ് ക്ലിനിക് & നഴ്സിംഗ് ഹോം മേപ്പയ്യൂർ |
| 2 | ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ<br>1.കീഴ്പ്പയ്യൂർ<br>2.കൊഴുക്കല്ലൂർ<br>3.മഞ്ഞക്കുളം<br>4.ചങ്ങരം വെള്ളി |
| 3 | അക്ഷയ സെന്റർ മേപ്പയ്യൂർ |

ലൈസൻസ് ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ മേൽ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി അപാകതകൾ

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2016-17 വർഷത്തെ ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | റിലീഫ് ക്ലിനിക് & നഴ്സിംഗ് ഹോം മേപ്പയ്യൂർ |
| 2 | ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ<br>1.കീഴ്പ്പയ്യൂർ<br>2.കൊഴുക്കല്ലൂർ<br>3.മഞ്ഞക്കുളം<br>4.ചങ്ങരം വെള്ളി |
| 3 | അക്ഷയ സെന്റർ മേപ്പയ്യൂർ |
| 4 | ആപ്പിൾ ഇൻസ്റ്റിറ്റ്യൂട്ട്, മേപ്പയ്യൂർ |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും സ്ഥാപനത്തിൽ നിന്നും അർഹമായ തൊഴിൽ നികുതി കണക്കാക്കി ഈടാക്കേണ്ടതാണ്.

## 2-5 കംഫർട്ട് സ്റ്റേഷൻ ലേലം-അപാകതകൾ

01-4-2016 മുതൽ 31-03-2107 വരെ കംഫർട്ട് സ്റ്റേഷൻ - യൂസേഴ്സ് ഫീ പിരിക്കുന്നതിന് 08-03-2016 ന് ലേലം നടത്തി. 40500 രൂപയ്ക്ക് പുളിയുള്ളതിൽ മീത്തൽ അബ്ദുള്ള എന്നയാൾ ലേലം കൊണ്ടു.22-03-2016 ഭരണസമിതി ലേലം അംഗീകരിച്ചു. ലേല നിബന്ധന പ്രകാരം ലേലം വിളിച്ചെടുക്കുന്ന വ്യക്തി ലേല സംഖ്യയുടെ മൂന്നിൽ രണ്ട് ഭാഗം അപ്പോൾ തന്നെ പഞ്ചായത്ത് ഓഫീസിൽ ഒടുക്കേണ്ടതാണ്. ഇത് പ്രകാരം 27000 രൂപ പഞ്ചായത്തിൽ അടവാക്കേണ്ടതായിരുന്നു.

എന്നാൽ രണ്ട് ഗഡുക്കളായി 13500 രൂപ നിരക്കിൽ ആകെ 27000രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. (രസീത് നം-11501104902/ 8-03-2016 , 11601103087/4-10-2016). ബാക്കി തുക രണ്ട് തുല്യ ഗഡുക്കളായി ജൂലായ് 31 ന് മുമ്പും ഡിസംബർ 31 ന് മുമ്പും പഞ്ചായത്തിൽ അടക്കേണ്ടതാണ്.എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ ബാലൻസ് തുക മേൽ വ്യവസ്ഥ പ്രകാരം ഈടാക്കിയതായി കാണുന്നില്ല. ബാലൻസ് തുകയിൽ താഴെ പറയുന്ന രശീതുകൾ പ്രകാരം 10000/- രൂപ മാത്രമാണ് ഒടുക്കിയിട്ടുള്ളത്.

| റസീറ്റ് നമ്പർ | തിയ്യതി | തുക |
| --- | --- | --- |
| 117010101267 | 5.07.2017 | 6000/- |
| 117010101654 | 03.08.2017 | 3000/- |
| 117010102031 | 31.08.2017 | 1000/- |

ലേല നിബന്ധന പ്രകാരം നിശ്ചിത സമയത്തിനകം ലേല സംഖ്യ ഒടുക്കിയില്ലെങ്കിൽ പ്രതിമാസം 2% ശതമാനം നിരക്കിൽ പിഴപ്പലിശ ഈടാക്കേണ്ടതാണ്.എന്നാൽ ഇപ്രകാരം പിഴപ്പലിശ ഈടാക്കിയതായി കാണുന്നില്ല.ലേലക്കാരനിൽ നിന്നും ബാലൻസ് തുക, പിഴപ്പലിശ എന്നിവ ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗവ. എൽ.പി.സ്കൂൾ ചുറ്റു മതിൽ നിർമാണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നമ്പർ- 21/17

കരാറുകാരൻ- ബി. ബൈജു, നാഗത്തിങ്കൽ

പദ്ധതി നടത്തിപ്പിനായി അംഗീകരിച്ച ടെണ്ടർ പ്രകാരം കരാറുകാരനുമായി എഗ്രിന്റ് വെച്ചിട്ടുള്ളത് 1.2.2012ലെ (പി) 13/12 പി.ഡബ്ല്യു.ഡി സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമല്ല. ടി. ഉത്തരവിലെ സെക്ഷൻ 2112-1 പ്രകാരം പൂർത്തീകരണ കാലാവധി ആദ്യ തവണ 1% ഫൈനോടുകൂടി 25%വും രണ്ടാമത് തവണ 2% ഫൈനോടുകൂടിയും പരമാവധി ഒറിജിനൽ കംപ്ലീഷൻ പിരീഡിന്റെ 50% വരെ ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഇതിന് വിരുദ്ധമായി കരാർ വ്യവസ്ഥ 7 പ്രകാരം കാലതാമസം വരുത്തുന്ന ആദ്യത്തെ മൂന്ന് മാസത്തേക്ക് 1% നിരക്കിലും അടുത്ത ഓരോ മൂന്ന് മാസത്തേക്കും 2% നിരക്കിലും ഫൈൻ ഈടാക്കുന്നതാണെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. പുതുക്കിയ പി.ഡബ്ള്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് എഗ്രിമെൻറ് വെക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി എഗ്രിമെന്റ് വെച്ചത് സംബന്ധിച്ച് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

### 3-2 റോഡ് കോൺക്രീറ്റിംഗ് – സാങ്കേതിക നിർദ്ദേശങ്ങൾ പാലിച്ചില്ല.

പ്രോജക്ട് നമ്പർ- 126/17

കരാറുകാരൻ- ഗോപാലൻ കെ.വി

അളവ് പുസ്തകം നമ്പർ- 174/16-17

നാഗത്തിങ്കൽ താഴ- കൊടക്കാട്ട് മീത്തൽ റോഡ് കോൺക്രീറ്റിംഗ്- എന്ന പ്രവൃത്തിയുടെ മൂന്നാമിനമായി അളവ് പുസ്തകം പുറം 4 പ്രകാരം 40mm ബി.എസ് ഉപയോഗിച്ച് പ്രൊവൈഡിംഗ് ആന്റ് ലെയിംഗ് സിമന്റ് കോൺക്രീറ്റ് എന്ന പ്രവർത്തി 10 സെ.മീ. കനത്തിൽ 17.34m3 ചെയ്തിട്ടുണ്ട് (173.4m2x0.10). കൂടാതെ നാലാമിനമായി 20mm ബി.എസ് ഉപയോഗിച്ച് 1:2:4 അനുപാതത്തിൽ 0.075 മീറ്റർ കനത്തിൽ 13.01m3 സി.സി ചെയ്തിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ 22.9.2015 ലെ ഡി.ബി.4/9032/2015/സി.ഇ നിർദ്ദേശ പ്രകാരം സാധാരണ കോൺക്രീറ്റ് നടപ്പാതകൾക്ക് 1:2:4 സി.സി 0.05മീ.കനത്തിൽ ചെയ്താൽ മതിയാകും. എന്നാൽ ഇതിന് വിരുദ്ധമായി 0.075 മീ. കനത്തിൽ പ്രവർത്തി ചെയ്തത് മൂലം

അധികചെലവുണ്ടായിട്ടുണ്ട്. മേൽ സാങ്കേതിക നിർദ്ദേശം പാലിക്കാതെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | കരാറുകാരന്റെ പേര്, അളവ് പുസ്തകം നമ്പർ | 1:2:4 സി.സി അനുവദനീയമായ അളവ്/തുക, @7548.96/m3 | ചെയ്ത അളവ് /നൽകിയ തുക | അധികം നൽകിയ തുക | ആകെ മൂല്യം | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|---|
| 1 | നാഗത്തിങ്കൽ താഴ-കൊടക്കാട്ട് മീത്തൽ റോഡ് കോൺക്രീറ്റിംഗ്- | ഗോപാലൻ കെ.വി<br>അളവ് പുസ്തകം നമ്പർ-174/16-17 | 173.4x 0.05 = 8.67m3<br>7548.96 x 8.67 = 65449 | 173.4m2x0.075 =13.01m3<br>7548.96x 13.01 = 98212 | 32763 | 200000 | 18/16-17/ 8.3.17 |
| 2 | പ്രോജക്ട് നമ്പർ 27/17 മൂന്നാംകണ്ടി കോളനി റോഡ്, | ബി.ബൈജു.<br>165/17 | 130.5 x 0.05 =6.525m3<br>6.525m3 x 7548.96 = 49257 | 130.5 x 0.10=13.05m3<br>13.05m3x 7953.46 =103793 | 54536 | 189713 | 5/16-17/ 28.1.17 |
| 3 | അരീക്കരമുക്ക്-ചമ്പഭാഗം റോഡ് കോൺക്രീറ്റിംഗ് (124/17) | ഡി.എം.കുഞ്ഞിക്കണ്ണൻ<br>168/17 | 176.4x0.05 =8.82m3<br>8.82x7548.96 =66582 | 176.4x0.075 =13.23m3<br>13.23x 7548.96 = 99873 | 33291 | 200000 | 8/16-17/ 27.1.17 |

അധികം നൽകിയ 120590 രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-3 എസ്.സി.ട്രെയിനിംഗ് സെന്റർ ടോയ് ലറ്റ് പൂർത്തീകരണം- ഫൈൻ തുക ബില്ലിൽ കുറവു ചെയ്തത് മൂലം പഞ്ചായത്തിന് നഷ്ടം.

പ്രോജക്ട് നമ്പർ- 102/15, 5/17

അടങ്കൽ- 150000

പി.എ.സി- 116809

കരാറുകാരൻ- ഷിമിത്ത് സംഗീത്
ബിൽ നമ്പർ - 24/16-17/1.3.17 -50271

2014-15ൽ ആരംഭിച്ച് 2016-17-ൽ സ്പിൽ ഓവറായി പൂർത്തിയാക്കിയതാണ് ഈ പദ്ധതി. ടെണ്ടർ ഷെഡ്യൂൾ പ്രകാരം പൂർത്തീകരണ കാലാവധി 3 മാസമായിരുന്നു. സൈറ്റ് കൈമാറി കരാറുകാരനുമായി 16.1.2015ൽ 44/14-15 നമ്പറായി അസിസ്റ്റന്റ് എഞ്ചിനീയർ കരാർ വെച്ചിട്ടുള്ളത് ടി-യാളുടെ പേരിൽ 17.1.2015ൽ 6827 നമ്പറായി വാങ്ങിയിട്ടുള്ള മുദ്ര പത്രത്തിലാണ്. ഇത് അപ്രായോഗികവും അസാധ്യവുമാണ്.

പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം ആകെ മൂല്യം 65884 രൂപയാണ്.

കരാർ പ്രകാരം 16.4.15-ൽ ഈ പ്രവർത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവർത്തി പൂർത്തീകരിച്ച് അവസാന അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 15.2.17ലാണ്. അതായത് 96.14 ആഴ്ചകൾക്ക് ശേഷമാണ്. പുതുക്കിയ പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 2116-1 അനുസരിച്ച് കാലതാമസം വരുത്തിയ ഓരോ ആഴ്ചക്കും 0.1% നിരക്കിൽ ലിക്വിഡേറ്റഡ് ഡാമേജ് ആയി 9.614% ഫൈൻ ഈടാക്കേണ്ടതായിരുന്നു. അതായത് 116809 x 9.614% = 11230രൂപ. എന്നാൽ ഫൈനൽ ബില്ലിൽ നിന്നും ഫൈൻ ഇനത്തിൽ 15613 രൂപ കുറവ് ചെയ്താണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. ഫൈൻ ഉൾപ്പെടെയുള്ള തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് ഫൈൻ തുക തനത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതായിരുന്നു. എന്നാൽ ഇതിന് പകരം ഫൈൻ കുറവ് ചെയ്തശേഷമുള്ള തുക മാത്രം ട്രഷറിയിൽ നിന്നും പിൻവലിച്ചതിനാൽ പഞ്ചായത്തിന് 15613 രൂപ നഷ്ടമുണ്ടായിട്ടുണ്ട്. ഈ തുക നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 എടത്തിൽ മൂക്ക് കാട്ടുമഠം കല്ലുങ്കി അംഗനവാടികൾക്ക് ചുറ്റുമതിൽ, വിവിധ അംഗനവാടികളുടെ നവീകരണം - ഫൈൻ തുക ബില്ലിൽ കുറവു ചെയ്തത് മൂലം പഞ്ചായത്തിന് നഷ്ടം.

പ്രോജക്ട് നമ്പർ- 146/16, 20/17

അടങ്കൽ- 450000

പി.എ.സി- 450000

കരാറുകാരൻ- ശലിനേഷ്
ബിൽ നമ്പർ - 11/16-17/ 28.1.17 - 169189

76/15-16/30.3.16 -279102

2015-16ൽ ആരംഭിച്ച് 2016-17-ൽ സ്പിൽ ഓവറായി പൂർത്തിയാക്കിയതാണ് ഈ പദ്ധതി. ടെണ്ടർ ഷെഡ്യൂൾ പ്രകാരം പൂർത്തീകരണ കാലാവധി 3 മാസമായിരുന്നു. സൈറ്റ് കൈമാറി കരാറുകാരനുമായി അസിസ്റ്റന്റ് എഞ്ചിനീയർ കരാർ വെച്ചിട്ടുള്ളത് 5.2.2016ലാണ്. കരാർ പ്രകാരം 4.5.16-ൽ ഈ പ്രവർത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവർത്തി പൂർത്തീകരിച്ച് അവസാന അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 3.10.16ലാണ്. അതായത് 22.42 ആഴ്ചകൾക്ക് ശേഷമാണ്. പുതുക്കിയ പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 2116-1 അനുസരിച്ച് കാലതാമസം വരുത്തിയ ഓരോ ആഴ്ചക്കും 0.1% നിരക്കിൽ ലിക്വിഡേറ്റഡ് ഡാമേജ് ആയി 2.24% ഫൈൻ ഈടാക്കേണ്ടതായിരുന്നു. അതായത് 450000 x 2.24% = 10080രൂപ. എന്നാൽ ഫൈനൽ ബില്ലിൽ നിന്നും ഫൈൻ ഇനത്തിൽ 1709 രൂപ കുറവ് ചെയ്താണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. ഫൈൻ ഉൾപ്പെടെയുള്ള തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് ഫൈൻ തുക തനത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതായിരുന്നു. എന്നാൽ ഇതിന് പകരം ഫൈൻ കുറവ് ചെയ്തശേഷമുള്ള തുക മാത്രം ട്രഷറിയിൽ നിന്നും പിൻവലിച്ചതിനാൽ പഞ്ചായത്തിന് 10080 രൂപ നഷ്ടമുണ്ടായിട്ടുണ്ട്. ഈ തുക ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 3-5 കൈപ്പറ്റ് രസീത് പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപ്പത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

കൈപ്പറ്റ് രസീത് പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപ്പത്രം ലഭ്യമാക്കിയില്ല.

2016-17 ൽ സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും അവയുടെ കൈപ്പറ്റ് രസീത് പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപ്പത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | തുക | ബിൽ നമ്പർ | പരാമർശം |
|---|---|---|---|---|
| 1 | സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകൽ പ്രോജക്ട് - 168/17 | 500000 | 24/16-17/ 29.3.17 | വിനിയോഗ സാക്ഷ്യപ്പത്രം ഹാജരാക്കിയില്ല |
| 2 | ഐ.കെ.എം വിഹിതം നൽകൽ പ്രോജക്ട് - 69/17 | 50753 | 14/16-17/ 23.2.17 - | -ടി- |
| 3 | തെരുവ് നായ വന്ധ്യംകരണം പ്രോജക്ട് - 111/17 | 100000 | 11/16-17/ 15.12.16 | -ടി- |
| ആകെ | | 650753 | | |

ചെലവ് രേഖകളുടെ അഭാവത്തിൽ മേൽ തുകയായ 6,50,753 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 കുഞ്ഞിക്കണ്ടി കുടിവെള്ള പദ്ധതി- പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

പ്രോജക്ട് നമ്പർ- 172/17

കുഞ്ഞിക്കണ്ടി കുടിവെള്ള പദ്ധതി പൂർത്തീകരണത്തിനായി തൻവർഷം തനത് ഫണ്ടിൽ നിന്നും ചെക്ക് നമ്പർ 4715051/10.3.17 പ്രകാരം 50000 രൂപ കേരള വാട്ടർ അതോറിട്ടിയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് വിധേയമായി ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ– പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നമ്പർ-64/ 2017

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ പി എച്ച് സി

അടങ്കൽ-50000/- രൂപ

പി എച്ച് സി യിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, ഡി ലിങ്ക് വൈഫൈ എന്നിവ വാങ്ങുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്.കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ് എന്റർപ്രൈസസിൽ നിന്നുമാണ് ക്വട്ടേഷൻ ക്ഷണിക്കാതെ മേൽ തുകയ്ക്കുള്ള സാധനങ്ങൾ വാങ്ങിയിരിക്കുന്നത്.8.03.2017 ന് സാധനങ്ങൾ പി എച്ച് സി ക്ക് ലഭ്യമായിട്ടുണ്ട്.24.03.2017 ന് എസ് ബി ടി പാളയം എക്കൗണ്ടിൽ 50000/- രൂപ കൈമാറി.പൊതുവിപണിയിൽ ലഭ്യമാകുന്നതിനേക്കാൾ കൂടിയ നിരക്കിലാണ് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും മേൽ സ്ഥാപനത്തിൽ നിന്നും വാങ്ങിയിരിക്കുന്നത്. മത്സരാധിഷ്ഠിത ക്വട്ടേഷൻ ക്ഷണിച്ചിരുന്നെങ്കിൽ കുറഞ്ഞ നിരക്കിൽ ഇതേ സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാകുമെന്നിരിക്കെ അപ്രകാരം ചെയ്യാതിരുന്നത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കുവാൻ ഇടയായിട്ടുണ്ട്. ഭാവിയിൽ ഇത്തരം വാങ്ങലുകളിൽ കൂടുതൽ ജാഗ്രത

പുലർത്തേണ്ടതാണ്.

## 3-8 പെയിൻ &പാലിയേറ്റീവ്-മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായില്ല.

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ പി എച്ച് സി

പ്രോജക്ട് നം-59/17

അടങ്കൽ തുക-623069/-

ചെലവ്-600000/-(പൊതുവിഭാഗം-സാധാരണ വിഹിതം)

ബിൽ നം-7/16-17 തീയ്യതി 31.03.2017 പ്രകാരം 196680/- രൂപ പയ്യോളി സബ് ട്രഷറിയിൽ നിന്നും പിൻവലിച്ചു.മേൽ തുകയിൽ 67407/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും പാലിയേറ്റീവ് പരിചരണത്തിനാവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ചു (പ്രൊഫോർമ നം-പി ആർ എഫ് 2812/ 23.02.2017 ). 31.03.2017 ന് പഞ്ചാബ് നാഷനൽ ബാങ്കിന്റെ എക്കൗണ്ടിൽ പണം അടവാക്കി.ഓഡിറ്റ് തീയ്യതി വരെ മെഡിക്കൽ ഉപകരണങ്ങൾ ഒന്നും ലഭ്യമായിട്ടില്ല.

ഉപകരണങ്ങൾ ലഭ്യമാകാത്തതിന് വിശദീകരണം നൽകേണ്ടതാണ്. ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ–മുഴുവൻ മരുന്നുകളും ലഭ്യമായില്ല

നിർവ്വഹണോദ്യോഗസ്ഥൻ–മെഡിക്കൽ ഓഫീസർ ഹോമിയോ

പ്രോജക്ട് നം-32/17

ചെലവ്-200000/-(ബിൽ നം-01/17.01.2017)

അടങ്കൽ തുക -200000/-

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് .ബിൽ നം 01/16-17 പ്രകാരം 200000/- രൂപ പയ്യോളി സബ് ട്രഷറിയിൽ നിന്നും പിൻവലിച്ച് പ്രസ്തുത തുക ഡി ഡി നം-550747(തീയ്യതി:25.01.2017) പ്രകാരം ഹോംകോ ആലപ്പുഴക്ക് കൈമാറി. 28.01.2017ലെ 2478 റസീറ്റ് പ്രകാരം പ്രസ്തുത തുക ഹോംകോയ്ക്ക് ലഭ്യമായിട്ടുണ്ട് .120531/- രൂപയുടെ മരുന്നുകൾ 18.07.2017 ന് ലഭ്യമായിട്ടുണ്ട്(ഇൻവോയ്സ് നമ്പർ -എൽ എഫ്-300). 79469/- രൂപയുടെ മരുന്നുകൾ ഓഡിറ്റ് തീയ്യതി വരെ ലഭ്യമായിട്ടില്ല.മരുന്ന് ലഭ്യമാകാത്തതിന് വിശദീകരണം നൽകേണ്ടതാണ്.ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 ഭക്ഷണസാധനങ്ങളുടെ ട്രാൻസ്പോട്ടേഷൻ നിരക്ക്-നിബന്ധനകൾ പാലിക്കുന്നില്ല.

പ്രൊജക്റ്റ്നം 40/16-17

ബിൽനം ,തുക 7/16-17/25-2-17,31487

4/16-17/30-1-17,422715

1/16-17,26-11-16,984649

ചെക്ക്നം 51830/29-3-17,298851

മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തികവർഷത്തിൽ അംഗൻവാടികളിൽ പോഷകാഹാര വിതരണത്തിന്റെ ഭാഗമായി 29 അംഗൻവാടികളിൽ ഭക്ഷണസാധനങ്ങൾ എത്തിച്ച വകയിൽ 42604 രൂപ ട്രാൻസ്പോട്ടേഷൻ ചാർജായി ശ്രീ.കുഞ്ഞികൃഷ്ണൻ എന്നയാൾക്ക് നൽകിയിട്ടുണ്ട്. ജി ഒ(ആർ.ടി)883/2011 LSGD 26-3-11പ്രകാരം എല്ലാവിധ ഭക്ഷണസാധനങ്ങളുടെയും ട്രാൻസ്പോട്ടേഷൻ നിരക്ക് കിലോയ്ക്ക് 50 പൈസയാണ്. ഈ നിരക്കിൽ ചിലവഴിക്കുകയോ,അപ്രകാരം സാധിക്കാത്ത തദ്ദേശസ്ഥാപനങ്ങളിൽ നിർവഹണ ഉദ്യോഗസ്ഥൻ ക്വട്ടേഷൻ ക്ഷണിക്കാവുന്നതും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ആളുടെ ക്വട്ടേഷന് തദ്ദേശഭരണ സ്ഥാപനസമിതിയുടെ അംഗീകാരം നേടി അപ്രകാരം ചെലവഴിക്കാവുന്നതുമാണ്. ഈ നിബന്ധനകൾ പാലിക്കാതെയാണ് ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകിയിട്ടുള്ളത്. ഇപ്രകാരം28453kg ഭക്ഷണസാധനങ്ങൾ വിതരണം ചെയ്തതിൽ 29-11-16ന് വിതരണം ചെയ്ത 250kg, 1.20രൂപ നിരക്കിലും ബാക്കിയുള്ളവ 1.50 രൂപ നിരക്കിലും വിതരണം ചെയ്തതുവഴി 42604 രൂപ ചെലവ് വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്വട്ടേഷൻ ക്ഷണിച്ച കുറഞ്ഞ നിരക്ക് അംഗീകരിച്ചതിന്റെ തീരുമാനം ഫയലിനോടൊപ്പം ചേർത്തിട്ടുണ്ടെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ ഇപ്രകാരം ക്വട്ടേഷൻ

ക്ഷണിച്ചതിന്റെയോ കുറഞ്ഞ നിരക്ക് അംഗീകരിച്ചതിന്റെയോ രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സർക്കാർ അംഗീകൃത നിരക്കിൽ വിതരണം ചെയ്തിരുന്നുവെങ്കിൽ 14226 രൂപ മാത്രമേ ചെലവാകുമായിരുന്നുള്ളൂ. അധികം നൽകിയ 28378രൂപ നിരാകരിച്ചു.

## 3-11 അംഗൻവാടികെട്ടിടം സുരക്ഷിതത്വം -ഉറപ്പുവരുത്തുന്നില്ല.

മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള 29 അംഗൻവാടികളിൽ 27എണ്ണം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. സർക്കുലർനം 31055/ഡി.സി2/2011/ത.സ്വ.ഭ.വ 23-03-2011 പ്രകാരം എല്ലാവർഷവും മെയ് 10നകം സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടകകെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. മേപ്പയ്യൂർ പഞ്ചായത്തിനുകീഴിലുള്ള അംഗൻവാടികളിൽ ഈ നടപടിക്രമം പാലിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ. അപാകം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്നറിയിച്ചിട്ടുണ്ട്. സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-12 എസ്.എസ്.എ വിഹിതം കൈമാറൽ-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം 35/16-17

ബിൽനം /തുക 1/16-17/23-2 -17

500000

ബിൽനം/തുക 2/16-17/23-2-17

200000

മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിൽ 2016-17 ൽ മേൽ സൂചിപ്പിച്ച പ്രൊജക്ട് പ്രകാരം എസ്.എസ്.എ വിഹിതം കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക കൈമാറിയതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 700000 രൂപ തടസ്സത്തിൽവയ്ക്കുന്നു. ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-13 വീട് പുനരുദ്ധാരണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

1) പ്രൊജക്ട് നം 139/16-17

ബിൽനം /തുക 10/31-3-17/ 50000

ഫണ്ട് എസ്.സി.പി

മേൽ പ്രൊജക്ടുകൾപ്രകാരം മേപ്പയ്യൂർഗ്രാമ പഞ്ചായത്തിൽ 2 പേർക്ക് വീട് പുനരുദ്ധാരണത്തിനുവേണ്ടി 50000 രൂപ കൈമാറിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ,രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. ജി ഒ(എം.എസ്സ്)4/2016 ത സ്വ ഭ .വ 11-1-16 അനുബന്ധം (15.)3-6 പ്രകാരം വീടിന്റെ എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കണം.എൽ.എസ്.ജിഡി എഞ്ചിനീയർ മൂല്യ നിർണ്ണയം നടത്തേണ്ടതുമാണ്. ഈ വ്യവസ്ഥകളൊന്നും പാലിക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതിപ്പണം ചെലവഴിച്ചത് ക്രമപ്രകാരമല്ല.

## 3-14 ഐ എ വൈ വിഹിതം കൈമാറൽ-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം 135/16-17

ബിൽനം /തുക 1/16-17/24-1-17

100000

ബിൽനം /തുക 9/16-17/24-3-17

115000

ഫണ്ട് എസ്.സി.പി

നിർവഹണഉദ്യോഗസ്ഥൻ അസി.സെക്രട്ടറി

മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ IAY SC-പ്രോജക്ടിന്റെ ഭാഗമായി മേലടി ബ്ളോക്ക് പഞ്ചായത്ത്സെക്രട്ടറിക്ക് 215000 രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുതതുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.വിനിയോഗസാക്ഷപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. 215000 രൂപ തടസ്സത്തിൽ വയ്ക്കുന്നു

## 3-15 എസ്.സി വിവാഹധനസഹായം -കൈപറ്റ് രശീത്ഹാജരാക്കിയില്ല.

പ്രൊജക്ട്നം 138/16-17

ബിൽനം/തുക 6/16-17/22-3-17

50000

മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിൽ എസ്.സി വിവാഹധനസഹായത്തിന്റ ഭാഗമായി ശ്രീമതി അരിയായി എന്നവർക്ക് മേൽസൂചിപ്പിച്ച ബിൽ പ്രകാരം തുക കൈമാറിയിട്ടുണ്ട്.എന്നാൽ തുകകൈപറ്റിയതിന്റെ കൈപറ്റ് രശീത് ഹാജരാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയഎൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 50000രൂപ തടസ്സത്തിൽ വയ്ക്കുന്നു

## 3-16 കന്ന്കുട്ടിപരിപാലനം(വനിത)വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

പ്രൊജക്ട്നം – 71/16-17

നിർവഹണ ഉദ്യോഗസ്ഥൻ – വെറ്റിനറി സർജൻ

ബിൽനം/തുക – 3/16-17/27-2-17

312500

മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിൽ കന്നുകുട്ടിപരിപാലനത്തിന്റെഭാഗമായി 312500രൂപ അസി.ഡയറക്ടർ ഓഫ് കാഫ്ഫീഡ്, കോഴിക്കോട് എന്നവർക്ക് മേൽസൂചിപ്പിച്ച ബിൽ പ്രകാരം തുക കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻ ക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 312500 രൂപ തടസ്സത്തിൽ വയ്ക്കുന്നു

## 3-17 രോഗം ബാധിച്ച തെങ്ങ് മുറിച്ച്മാറ്റി പുതിയ തൈവയ്ക്കൽ–അപാകതകൾ

പ്രൊജക്ട്നം – 38/16-17

നിർവഹണ ഉദ്യോഗസ്ഥൻ – വെറ്റിനറി സർജൻ

ചെലവ്തുക – 318000

ഫണ്ട് വികസനഫണ്ട്

മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിൽ രോഗം ബാധിച്ച തെങ്ങ് മുറിച്ച് മാറ്റി പുതിയ തൈവയ്ക്കുന്ന പ്രോജക്ട് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.2016-17 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കേണ്ട മേൽ പ്രോജക്ടിൽ രോഗം ബാധിച്ച തെങ്ങ് ഗുണഭോക്താക്കൾ മുറിച്ച് മാറ്റുന്ന പ്രവർത്തി മാത്രമേ പൂർത്തിയായിട്ടുള്ളൂ. മുറിച്ച് മാറ്റിയതിനു പകരം പുതിയ തെങ്ങിൻതൈകൾ വയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചില്ല.അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.318000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| മേലടി ബ്ലോക്ക് പഞ്ചായത്ത് | 10000 | പാടശേഖര സമിതിക്ക് മെതിയന്ത്രം | 10000 | 00 |
| മേലടി ബ്ലോക്ക് പഞ്ചായത്ത് | 104375 | പാടശേഖര സമിതിക്ക് ടില്ലർ | 104375 | 00 |
| മേലടി ബ്ലോക്ക് പഞ്ചായത്ത് | 826250 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 826250 | 00 |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 60000 | സമഗ്ര നെൽ കൃഷി വികസനം | 60000 | ---- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|
| വാട്ടർ അതോറിറ്റി | കുഞ്ഞക്കണ്ടി ഭാഗം കുടിവെള്ള പദ്ധതി | 50,000 | ---- | 50,000 |
| കെ.എസ്.ഇ.ബി | പുന്നച്ചാൽ പാറച്ചാൽ കുടിവെള്ള പദ്ധതി ലൈൻ വലിക്കൽ | 222555 | ---- | 222555 |
| കെ.എസ്.ഇ.ബി | നെയ്യല ഒളോറ കുടിവെള്ള പദ്ധതി ലൈൻ വലിക്കൽ | 172700 | | 172700 |

| | | | | |
|---|---|---|---|---|
| | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ്സ് ഭവനപദ്ധതി | GO(Rt) No. 533/2010/lsgd | 54,97,500 | 837894 | 636796 | ---- | 201098 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | തൻവർഷം നിക്ഷേപിച്ച തുക | ആകെ | തൻവർഷം പിൻവലിച്ച തുക | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം |
|---|---|---|---|---|
| 3703393 | 00 | 3703393 | 00 | 3703393 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 24682/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2000-2001 | 8(1),(2) | 10000 | ബാലകൃഷ്ണൻ.എ.കെ, റിട്ട. അസി.എഞ്ചിനിയർ | 11601400016/20.3.17 |

| | | | | |
|---|---|---|---|---|
| | | | | |
| 2000-2001 | 8(1),(2) | 10000 | ബാലകൃഷ്ണൻ.എ.കെ, റിട്ട. അസി.എഞ്ചിനിയർ | 11601400009/30.12.16 |
| 2015-16 | 2-2 | 150 | നീതു, ടെക്നിക്കൽ അസിസ്റ്റന്റ് | 11601106340/16.2.17 |
| 2015-16 | 3-7 | 2400 | കെ.സുരേന്ദ്രൻ, ഡ്രൈവർ | 11601106139/7.2.17 |
| 2015-16 | 2-2 | 250 | ഇസ്മയിൽ.ടി.പി, കെ.ഡബ്ല്യു.എ, പി.എച്ച്.ഡിവിഷൻ | 11601106297/15.2.17 |
| 2012-13, 13-14 | 3-1 | 1059 | ജോണി വർഗ്ഗീസ്, സെക്രട്ടറി | 11601103440/14 /10/16 |
| 2012-13, 13-14 | 3-1 | 823 | ഷബീന കെ.പി, അക്കൗണ്ടന്റ്. | 11601100906/28.5.16 |

## **4-7** സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1996-97, 1997-98, 1998-99 | 1-9 | 2004-05 | 11-1(2,6,7,8) | ബജറ്റ് പാസ്സാക്കുന്നില്ല |
| 2000-01 | 3-8 | 2004-05 | 11-5 | കുടിവെള്ള പദ്ധതികൾ |
| | 3-6 | 2005-06 | 70.1.3 | സാങ്കേതിക നിർദ്ദേശം പാലിക്കുന്നില്ല |
| | ഭാഗം 1 | 2005-06 | 70.6.1 | ബജറ്റ് പാസ്സാക്കുന്നില്ല |

| | | | | |
|---|---|---|---|---|
| | ഭാഗം 1 | 2005-06 | 70.11.1 | ആഭ്യന്തര നിയന്ത്രണം പാളുന്നു |
| 2001-02 | 3-3 | 2003-04 | 5.13 | പൊതു പരാമർശം |
| 2010-11, 11-12 | 3-28 | 2012-13 | 2.6 | ലൈബ്രറികളുടെയും സാംസ്കാരിക നിലയങ്ങളുടെയും നടത്തിപ്പ്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 45516248 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40866694 |
| വരവിനങ്ങളിലുള്ള നഷ്ടം | 00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 174661 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 24,43,129.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 120590 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 15613 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 10080 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | | 28378 | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

| | | | |
|---|---|---|---|
| | ആകെ | 174661 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 650753 | ജോണി വർഗ്ഗീസ്, സെക്രട്ടറി |
| 3-6 | 50000 | ജോണി വർഗ്ഗീസ്, സെക്രട്ടറി |
| 3-8 | 67407 | ഡോ.പ്രിയങ്ക. പി, എം.ഒ, പി.എച്ച്.സി |
| 3-9 | 79469 | ഡോ.സീമ.പി.എസ്, എം.ഒ, ഹോമിയോ |
| 3-12 | 700000 | വേണു.സി,എച്ച്.എം |
| 3-14 | 215000 | അനിൽകുമാർ.കെ.പി അസിസ്റ്റന്റ് സെക്രട്ടറി |
| 3-15 | 50000 | അനിൽകുമാർ.കെ.പി അസിസ്റ്റന്റ് സെക്രട്ടറി |
| 3-16 | 312500 | പ്രീത.ഇ.കെ, വെറ്ററിനറി സർജ്ജൻ |
| 3-17 | 318000 | സ്മിതനന്ദിനി.പി കൃഷി ഓഫീസർ |
| ആകെ | 2443129/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജോണി വർഗ്ഗീസ് ,സെക്രട്ടറി | സെക്രട്ടറി, മേപ്പയ്യൂർ ഗ്രാമ പഞ്ചായത്ത് | ഇടത്തിൽ ഹൗസ് നടുവത്തൂർ, ബോപ്പയ്യൂർ.പി.ഒ 673015 |

| | | |
|---|---|---|
| ഡോ.പ്രിയങ്ക. പി, എം.ഒ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി, മേപ്പയൂർ | വൈഷാഖ്, വട്ടോളി ബസാർ, ബാലുശ്ശേരി 673507 |
| ഉഷാകുമാരി. പി.പി. അസി.എൻജിനീയർ | അസി.എൻജിനീയർ, മേപ്പയൂർ ഗ്രാമപഞ്ചായത്ത് | കുളമുള്ളകണ്ടി, തിരുവള്ളൂർ.പി.ഒ 673318 |
| അനിൽകുമാർ.കെ.പി, | അസിസ്റ്റന്റ് സെക്രട്ടറി | ഗീതാഞ്ജലി, വാകയാട് |
| വേണ.സി,എച്ച്.എം. | ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.എസ്. വിളയാട്ടൂർ | ചോതയോത്ത്, മേപ്പയൂർ673524 |
| പുഷ്പ.കെ.വി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, മേപ്പയൂർ | ഷിഷ, ഇരിങ്ങൽ.പി.ഒ, വടകര 673521 |
| ഡോ.സീമ.പി.എസ് എം.ഒ, ഹോമിയോ | മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി മേപ്പയൂർ | വൈഷ്ണവം,സ്റ്റേഡിയത്തിന് പുറകുവശം, കൊയിലാണ്ടി 673305 |
| പ്രീത.ഇ.കെ, വെറ്ററിനറി സർജ്ജൻ | വെറ്ററിനറി സർജ്ജൻ മേപ്പയൂർ | പാരിജാതം, അരിക്കളം പി.ഒ 673320 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95, 95-96 | എൽ.എഫ്.കെ.കെ.ഡി. പി9/39/ 12(2) dt. 23.01.2012 | 2 |
| 1996-97 | എൽ.എഫ്.കെ.കെ.ഡി. പി4/1006/04 dt. 06.01.2005 | 6 |
| 1996-97 ചെലവ് | എൽ.എഫ്.കെ.കെ.ഡി. എസ്2/1448/99 dt. 03.02.2000 | 12 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി. എസ്2/1100 dt. 12.12.2011 | 25 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി. എസ്2/749/02 dt. 06.03.2013 | 14 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി. എസ്2/333/05 dt. 10.08.2005 | 15 |
| 2000-01 ചെലവ് | എൽ.എഫ്.കെ.കെ.ഡി. എസ്1/1534 dt. 10.08.2005 | 6 |

| | | |
|---|---|---|
| 2000-01 വരവ് | എൽ.എഫ്.കെ.കെ.ഡി. പി4/64/09 dt. 03.03.2009 | 10 |
| 2001-02 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി. എസ്2/1535/03 dt. 10.08.2005 | 8 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി. പി4/908/06 dt. 14.08.2006 | 13 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി. പി4/366/09 dt. 10.09.2007 | 14 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി. എസ്1/1334/07 dt. 30.07.2008 | 6 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി. പി4/364/09 dt. 04.03.2009 | 6 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി. എസ്2/985/08 dt. 05.01.2009 | 15 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി. പി9/260/11 dt. 30.03.2011 | 21 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി. പി9/1436/12 dt. 08.10.2012 | 30 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി. പി9/638/11 dt. 21.11.2011 | 26 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി. പി9/1039/13 dt. 18.10.2013 | 25 |
| 2010-11, 11-12 | എൽ.എഫ്.കെ.കെ.ഡി. പി9/221/13 dt. 05.10.2013 | 37 |

| | | |
|---|---|---|
| 2012-13, 13-14 | എൽ.എഫ്.കെ.കെ.ഡി. പി9/22/2015 dt. 10.03.2015 | |
| 2014-15 | എൽ.എഫ്.കെ.കെ.ഡി. പി9/1077/16 dt. 18.06.2016 | |
| 2015-16 | എൽ.എഫ്.കെ.കെ.ഡി. പി9/2127/16 dt. 23.12.2016 | |

* മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലെ വിവരങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന തിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
കോഴിക്കോട്

നം. കെ.എസ്.എ.കെ.കെ.ഡി/പി9/1905/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, കോഴിക്കോട്.

തീയതി:25.10.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ മേപ്പയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 2-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മേപ്പയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കോഴിക്കോട്

No. KSAKKD/P9/1905/17

Kerala State Audit Department,

District Audit Office,Kozhikode.

Date: 25.10.2017

## *AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Meppayur Grama Panchayat in Kozhikode District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Meppayur Gramapanchayat for the year 2016-17 except the observations in para 2-1 of my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Kozhikode